# പല്ലാരിമംഗലം ഗ്രാമ പഞ്ചായത്ത് കാര്യാലയം

കൂവള്ളൂർ പി. ഒ., 686 671, എറണാകുളം ജില്ല

ഫോൺ : ഓഫീസ് – 0485-2562252, പ്രസിഡന്റ് - 9496045822, സെക്രട്ടറി - 9496045823

ഇ-മെയിൽ : pallarimangalamgp@gmail.com, വെബ്: http://lsgkerala.in/pallarimangalampanchayat

GSTIN:32AAALP2392Q1ZL


ഭരണഭാഷ – മാതൃഭാഷ

5149938-2026

22/06/2026

## ടെണ്ടർ നോട്ടീസ്

പല്ലാരിമംഗലം ഗ്രാമപഞ്ചായത്തിന്റെ 2026-27 വാർഷിക പദ്ധതിയിൽ അംഗീകാരം ലഭിച്ച സ്ട്രീറ്റ് ലൈറ്റ് ലൈറ്റ് മെയിൻ്റനന്സ് പ്രവൃത്തി എഗ്രിമെന്റ് തിയതി മുതൽ ഒരു വർഷ കാലയളവിലേക്ക് ചെയ്യുന്നതിന് അംഗീകൃത സ്ഥാപനങ്ങൾ/ഏജൻസികൾ/കേരളാ സ്റ്റേറ്റ് ഇലക്ട്രിക്കൽ ലൈസൻസ് ബോർഡിൻറെ കോൺട്രാക്ടേഴ്സ് ലൈസൻസുള്ള അംഗീകൃത കരാറുകാരിൽ നിന്നും മൽസര സ്വഭാവമുള്ള സീൽ ചെയ്ത ടെണ്ടറുകൾ ക്ഷണിക്കുന്ന ടെൻഡർ . ഫോമിൽ പ്രോജക്ടിന്റെ പേര് രേഖപ്പെടുത്തി മുദ്രവെച്ച കവറിൽ 200 രൂപ മുദ്രപത്രത്തിലുള്ള പ്രാഥമികകരാർ ഉടമ്പടി, നിരതദ്രവ്യം ,ലൈസൻസിൻറെ പകർപ്പ് എന്നിവ സഹിതം നിശ്ചിത തീയതിക്കകംസമർപ്പിക്കേണ്ടതാണ്.

| ക്രമ നം. | പ്രോജക്റ്റ് നമ്പറും പേരും | അടങ്കൽ തുക | നിരത ദ്രവ്യം | ടെണ്ടർ ഫോമിന്റെ വില | സ്പെസിഫിക്കേഷൻ |
|---|---|---|---|---|---|
| | പ്രൊ.നം 97/27 സ്ട്രീറ്റ് ലൈറ്റ് മെയിൻ്റനന്സ് | 200000 /- | 5000/- | 500+18% ജി. എസ്.ടി | ചുവടെ ചേർക്കുന്നു |

ടെണ്ടർ ഫാറം ലഭിക്കുന്ന അവസാന തിയതി, സമയം : 06/07/2026, 01.00 P M

ടെണ്ടർ സ്വീകരിക്കുന്ന അവസാന തിയതി, സമയം 06/07/2026 , 02.30 P M

ടെണ്ടർ തുറന്ന് പരിശോധിക്കുന്ന തിയതി,സമയം : 06/07/2026, 04.00 PM

പൊതുനിബന്ധനകൾ

1. ടെൻഡറിനൊപ്പം ഇ.എം. ഡി, ഫോറം വില എന്നിവ ഒടുക്കിയ രേഖകളും 200 രൂപ മുദ്രപത്ര ത്തിൽ പ്രാഥമിക കരാർപത്രവും സമർപ്പിക്കേണ്ടതാണ്.

2. 9/12 W LED ബൾബും അനുബന്ധ സാമഗ്രികളും സ്ഥാപിച്ച് ഒരു വർഷത്തേക്ക് അറ്റകുറ്റപ്പണി നടത്തി ലൈറ്റ് തെളിയിക്കുന്നതിന് ഒരു പോസ്റ്റിന് നിരക്ക് -രേഖപ്പെടുത്തുക കൂടാതെപുതിയ ലൈറ്റ് സ്ഥാപിക്കു ന്നതിനും നിലവിലുള്ള ലൈറ്റുകൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള നിരക്കും വെവ്വേറെ കാണിക്കുക

3. തെരുവ് വിളക്ക് പരിപാലനം സംബന്ധിച്ച തദ്ദേശസ്വയം ഭരണവകുപ്പിന്റെ 15/09/2011 ലെ 3055/DA3/2011/lsgd നമ്പർ സർക്കുലർ ബാധകമായിരിക്കും.

4. അംഗികൃതസ്ഥാപനം ടെൻഡർ അംഗികരിച്ച് അറിയിപ്പ് ലഭിക്കുന്ന കരാറുകാരൻ 7 ദിവസത്തിനുള്ളിൽ 200 രൂപ മുദ്രപത്രത്തിൽ പഞ്ചായത്തുമായി കരാറിൽ ഏർപ്പെടേണ്ടതും അടങ്കൽ തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റായി അടയ്ക്കേണ്ടതുമാണ്.

5. സെക്യൂരിറ്റി തുക വാറന്റി കാലാവധിയ്ക്ക് ശേഷം മാത്രമേ തിരികെ ലഭിക്കുകയുള്ളൂ.

6. ടി സർക്കുലറിലെ നിബന്ധനകൾക്ക് വിധേയമായി കരാർ പണികളുടെ പ്രവർത്തനരാഹിത്യം മൂലമോ കരാറുകാരനോ അയാളുടെ ജീവനക്കാരോ ശരിയായ രീതിയിൽ അറ്റകുറ്റ പണികൾ നടത്താത്തതുമൂലമോ ഏതെങ്കിലും ആൾക്ക് ഉണ്ടായേക്കാവുന്ന മരണം /മുറിവുകൾ /

വസ്തുവകകൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ ഏത് അപകടങ്ങൾക്കും നഷ്ടപരിഹാരം നൽകാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്. ടി പണികൾ ചെയ്യുന്ന ജീവനക്കാർക്ക് ആവശ്യമായ ഇൻഷ്വറൻസ് പരിരക്ഷ കരാറുകാരൻ ഉറപ്പാക്കേണ്ടതാണ്.

7. പുതതായി സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള ചരക്ക് നികുതിപ്രകാരമുള്ളതും സർക്കാർ (റ്റി.എസ്.ജി) കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്നതുമായ എല്ലാ ഉത്തരവുകളും ഈ ദർഘാസ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള പ്രവൃത്തികൾക്ക് ബാധകമായിരിക്കുന്നതാണ് .

8. ദർഘാസ് സംബന്ധമായി പുതുക്കിയ പൊതുമരാമത്ത് മാന്വൽ പ്രകാരവും കേരളപഞ്ചായത്ത് രാജ് പൊതുമരാമത്ത് ചട്ടങ്ങൾ പ്രകാരവും ഇ ടെൻഡർ സംബന്ധമായ ചട്ടങ്ങൾ പ്രകാരവും കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പ്രകാരവും നിലവിലുള്ള എല്ലാവ്യവസ്ഥകളും ഇതിനും ബാധകമായിരിക്കും

9. കുറഞ്ഞ നിരക്കുകൾ രേഖപ്പെടുത്തിയ ദർഘാസുകൾ പഞ്ചായത്ത് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനും ഏതെങ്കിലും ദർഘാസോ എല്ലാ ദർഘാസുകളുമോ യാതൊരു കാരണവും കാണിക്കാതെ നിരസിക്കാനുള്ള അവകാശം പഞ്ചായത്ത് കമ്മിറ്റിയിൽ നിക്ഷിപ്തമാണ് .

10, ടെൻഡർ തുറക്കുന്ന ദിവസം അവധിയാണെങ്കിൽ തൊട്ടടുത്ത് പ്രവൃത്തിദിവസം തുറക്കുന്നതാണ്.

11 ഇ. എം ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ്, ടെണ്ടർ ഫോമിൻറെ വില എന്നിവ അടവാക്കുന്നതിന് യാതൊരു വിധ ഇളവുകളും ഈ ടെണ്ടറിന് നൽകുന്നതല്ല.

12. ടെൻഡറിനൊപ്പം ആവശ്യമായ ലൈസൻസുകളും ഇൻഷ്വറൻസ് രേഖകളും ഹാജരാക്കേണ്ടതാണ്.

പിൻ - 686 671

സെക്രട്ടറി
പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത്
ഫോൺ : 0485 - 2562252, 9496045823